സംസ്ഥാന ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷൻ

72 [2689] ശ്രീ. ടി. എം ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷൻ എന്നാണ് നിലവിൽ വന്നത്;

(ബി) നിയമനുസരിച്ച് കമ്മീഷനിൽ എത്ര അംഗങ്ങളാണ് വേണ്ടത്; ഇപ്പോൾ എത്ര അംഗങ്ങൾ ഉണ്ട് എന്നു വ്യക്തമാക്കുമോ;

(സി) ഇവരുടെ കാലാവധി എത്രയാണ്; നിയമിക്കപ്പെട്ടത് എന്നാണ്; ഒഴിവുണ്ടെങ്കിൽ എത്ര കാലമായി ഒഴിഞ്ഞു കിടക്കുന്നു; ഇത് എന്നത്തേക്ക് നികത്തും എന്നു പറയുമോ;

(ഡി) സംസ്ഥാനത്ത് എത്ര ജില്ലാ ഉപഭോക്തൃ തർക്ക ഫോറങ്ങളുണ്ട് എന്നും, ഇവയിലെ പ്രസിഡന്റുമാരെ എങ്ങനെയാണ് തെരഞ്ഞെടുക്കുന്നത് എന്നും അറിയിക്കുമോ;

(ഇ) ഏതെല്ലാം ജില്ലാ ഫോറങ്ങളിലാണ് പ്രസിഡന്റുമാർ ഇല്ലാത്തത് എന്നും അതിന്റെ കാരണമെന്താണെന്നും വ്യക്തമാക്കുമോ;

(എഫ്) സംസ്ഥാന ഉപഭോക്തൃ കമ്മീഷന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട് എന്തെങ്കിലും കേസ് കേരള ഹൈക്കോടതിയിൽ ഉണ്ടായിട്ടുണ്ടോ; ഇതു സംബന്ധമായി 15-11-2004-ൽ കേരള ഹൈക്കോടതിയുടെ എന്തെങ്കിലും വിധി ഉണ്ടായിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 2-2-1990-ൽ.

(ബി) കമ്മീഷനിൽ പ്രസിഡന്റിനെ കൂടാതെ രണ്ട് അംഗങ്ങളാണ് വേണ്ടത്. എന്നാൽ ഇപ്പോൾ പ്രസിഡന്റിനെ കൂടാതെ ഒരു അംഗമേ നിലവിലുള്ളൂ.

(സി) 5 വർഷമാണ് ഇവരുടെ കാലാവധി. കമ്മീഷൻ പ്രസിഡന്റിനെ 2-11-2002-ലും വനിതാ മെമ്പറെ 8-10-2002-ലുമാണ് നിയമിച്ചത്. 24-9-2003 മുതൽ ഒരംഗത്തിന്റെ ഒഴിവുണ്ട്. ഉപഭോക്തൃ തർക്ക പരിഹാര ഏജൻസികളിലെ നിയമന വ്യവസ്ഥയുമായി ബന്ധപ്പെട്ട് ഹൈക്കോടതിയിൽ നിലവിലുള്ള കേസ് തീർപ്പാക്കുന്ന മുറയ്ക്ക് ഒഴിവ് നികത്തുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) സംസ്ഥാനത്ത് എല്ലാ ജില്ലകളിലും ഉപഭോക്തൃ തർക്ക പരിഹാര ഫോറങ്ങളുണ്ട്. സംസ്ഥാന ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷൻ പ്രസിഡന്റ് ചെയർമാനും സംസ്ഥാന നിയമ വകുപ്പു സെക്രട്ടറി, ഉപഭോക്തൃ കാര്യ വകുപ്പ് സെക്രട്ടറി എന്നിവർ അംഗങ്ങളുമായുള്ള സെലക്ഷൻ കമ്മിറ്റിയുടെ ശുപാർശ പ്രകാരം സംസ്ഥാന സർക്കാരാണ് നിയമനം നടത്തുന്നത്.

(ഇ & എഫ്) തിരുവനന്തപുരം, ആലപ്പുഴ, മലപ്പുറം എന്നീ ജില്ലാ ഫോറങ്ങളിലാണ് നിലവിൽ പ്രസിഡന്റുമാർ ഇല്ലാത്തത്. പ്രസിഡന്റുമാർ കാലാവധി പൂർത്തിയാക്കിയപ്പോൾ വന്ന ഒഴിവുകളാണ് അവ. സംസ്ഥാന ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട് ഹൈക്കോടതിയിൽ കേസ് ഉണ്ടായിട്ടുണ്ട്. പ്രസ്തുത കേസിൽ 15-11-2004-ൽ ഉണ്ടായിട്ടുള്ള വിധിക്കെതിരെ സംസ്ഥാന കമ്മീഷൻ പ്രസിഡന്റ് അപ്പീൽ ഫയൽ ചെയ്തിട്ടുണ്ട്. അപ്പീലിൽ വാദംകേട്ട ഡിവിഷൻ ബഞ്ച് കേസിൽ വിധി പറയാനായി വച്ചിരിക്കുകയാണ്.

സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുൻ വർഷങ്ങളിൽ വാങ്ങിയ മുളക്, ഉഴുന്ന് എന്നിവയുടെ വില

73 [2690] ശ്രീ. ആർ. ബാലകൃഷ്ണപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷൻ 1995, 1996, 1998, 1999, 2004 ജൂൺ, ജൂലൈ, ആഗസ്റ്റ് മാസങ്ങളിൽ കിലോഗ്രാമിന് എന്തു വിലയ്ക്കാണ് മുളക് വാങ്ങിയത് എന്നറിയിക്കാമോ;

(ബി) 1995, 1998, 2003 ഒക്ടോബർ, നവംബർ, ഡിസംബർ മാസങ്ങളിലേക്ക് കിലോക്ക് എന്ത് വിലയ്ക്കാണ് മുളക് വാങ്ങിയത് എന്ന് അറിയിക്കുമോ;

(സി) 1995, 2000, 2002, 2003 ഏപ്രിൽ, മേയ്, ജൂൺ, ജൂലൈ മാസങ്ങളിൽ കിലോഗ്രാമിന് എന്ത് വിലയ്ക്കാണ് ഉഴുന്ന് (UD Washed) വാങ്ങിയത് എന്നും വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly